# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 139 — 02.05.2017-ൽ മറുപടിക്ക്

## ജനകീയാസൂത്രണ രണ്ടാം ഘട്ടം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.അനിൽ അക്കര<br>ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | നവ കേരളത്തിനായി ഈ സർക്കാർ ജനകീയാസൂത്രണ രണ്ടാം ഘട്ട പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം; | (എ) | തദ്ദേശഭരണ സ്ഥാപനങ്ങളുടെ പതിമൂന്നാം പഞ്ചവത്സര പദ്ധതി നവകേരളത്തിനായി ജനകീയാസൂത്രണം പദ്ധതിയായി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും പതിമൂന്നാം പഞ്ചവത്സര പദ്ധതിയും 2017 - 18 വാർഷിക പദ്ധതിയും തയ്യാറാക്കുന്നതിന് ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും അടിയന്തിരമായി രൂപീകരിച്ച് മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തുന്നതിനും വികസനരേഖ തയ്യാറാക്കുന്നതിനും സർക്കാർ നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ പദ്ധതി ആസൂത്രണ നിർവ്വഹണം സംബന്ധിച്ച വിശദമായ മാർഗ്ഗരേഖകളും പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിവരിക്കുമോ; | (ബി) | പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യം തുടർച്ചാ സാധ്യതയുള്ള, പരിസ്ഥിതിരക്ഷ ഉറപ്പാക്കുന്ന, സാമൂഹ്യനീതി മുറുകെപ്പിടിക്കുന്ന സാമ്പത്തിക വളർച്ചയുടെ ഉയർന്ന പന്ഥാവിലേയ്ക്ക് കേരളത്തെ എത്തിക്കുക എന്നതാണ്. പൊതുജനാരോഗ്യ പൊതുവിദ്യാഭ്യാസ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, തൊഴിൽ നൈപുണ്യ വികസനം, കേവലദാരിദ്ര്യനിർമ്മാർജ്ജനം, കൃഷി-പരിസ്ഥിതി-മണ്ണ്-ജലം എന്നിവയുടെ സംരക്ഷണം തുടങ്ങിയവയ്ക്കും പദ്ധതിയിൽ മുൻഗണന നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാനും നടപടികൾ ലളിതമാക്കാനും എന്തെല്ലാം കാര്യങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആസൂത്രണ സമിതികൾ വർക്കിംഗ് ഗ്രൂപ്പുകൾ തുടങ്ങിയ സംഘടനാ സംവിധാനങ്ങൾ 2017 ജനുവരി-ഫെബ്രുവരി മാസങ്ങളിലും വാർഡ് സഭാ യോഗങ്ങൾ/ വികസന സെമിനാർ എന്നിവ 2017 മാർച്ച്-ഏപ്രിൽ മാസങ്ങളിലും പൂർത്തിയാക്കി പദ്ധതിരേഖയുടെ അംഗീകാരം 2017 മെയ് മാസത്തിൽ തന്നെ ലഭ്യമാക്കുന്നതിനുള്ള ക്രമീകരണങ്ങളാണ് വരുത്തിയിട്ടുള്ളത്. നടപടികൾ ലളിതമാക്കുന്നതിന്റെ ഭാഗമായി പദ്ധതിരേഖയ്ക്ക് ജില്ലാ ആസൂത്രണ സമിതിയിടെ അംഗീകാരം ലഭിച്ച ശേഷം പ്രോജക്ടുകളുടെ പരിശോധനയും സാങ്കേതിക അനുമതിയും സമയബന്ധിതമായി നൽകുന്നതിനുള്ള നിർദ്ദേശവും മാർഗ്ഗരേഖയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (ഡി) | ഏതെല്ലാം മേഖലകൾക്കാണ് ഈ പദ്ധതിയിൽ ഊന്നൽ നൽകിയിരിക്കുന്നത്; വിവരിക്കുമോ? | (ഡി) | ഉത്പാദനമേഖലയ്ക്കാണ് ഈ പദ്ധതിയിൽ ഊന്നൽ നൽകിയിരിക്കുന്നത്.<br><br>കൃഷി, ജലവിതരണം നടത്തുന്നതിനുള്ള ജലസേചന പ്രവൃത്തികൾ, മണ്ണ്-സംരക്ഷണം, ജലസംരക്ഷണം, പരിസ്ഥിതി സംരക്ഷണം, മൃഗ സംരക്ഷണം, ക്ഷീര വികസനം, മത്സ്യ ബന്ധനം, പരമ്പരാഗത ചന്തകൾ, വ്യവസായം, ഊർജ്ജോത്പാദനം, ജൈവവള നിർമ്മാണം എന്നിവ ഉത്പാദന മേഖലാ പ്രോജക്ടുകളാണ്.<br><br>കൃഷി ഭവൻ, മത്സ്യഭവൻ, മൃഗാശുപത്രി, ക്ഷീര വികസന ഓഫീസ് എന്നിവയുടെ കെട്ടിട നിർമ്മാണങ്ങളും അവയിൽ ഏർപ്പെടുത്തുന്ന വൈദ്യുതി, കുടിവെള്ളം, ഫർണിച്ചർ മുതലായവ പശ്ചാത്തല സൗകര്യ വികസനവും ഉത്പാദന മേഖലയിൽ ഉൾപ്പെടുത്താവുന്നതാണ്.<br><br>കൂടാതെ ഭക്ഷ്യ വിളകൾ, പച്ചക്കറികൾ, മുട്ട, മാംസം, മത്സ്യം എന്നിവയുടെ ഉത്പാദനവും ഉത്പന്നങ്ങളുടെ സംസ്കരണവും വിപണനവും മെച്ചപ്പെടുത്തുക, ഓരോ വർഷവും ഭക്ഷ്യയോഗ്യമായ എത്ര കൂടുതൽ നെല്ലും പച്ചക്കറികളും മറ്റു വിഭവങ്ങളും ഉത്പാദിപ്പിക്കാം എന്നിവയ്ക്കും പ്രാധാന്യം നല്കുന്നുണ്ട്. |

Haradadevi

**സെക്ഷൻ ഓഫീസർ**